**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1882** **25.03.2013-ൽ മറുപടിക്ക്.**

# കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | : (എ) ജനപങ്കാളിത്തത്തോടെ പോലീസിംഗ് നടപ്പാക്കുകയും പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി അതുവഴി ജനോപകാരപ്രദവും, ജനസൗഹൃദപരവുമായ പോലീസ് സംവിധാനം സൃഷ്ടിച്ച് കുറ്റകൃത്യങ്ങൾ കുറച്ച് കൊണ്ടുവരികയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് ജനമൈത്രീ പോലീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളത്. |
| (ബി) സംസ്ഥാനത്ത് ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ; | : (ബി) വിലയിരുത്തിയിട്ടുണ്ട് ; സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, രോഗികൾ തുടങ്ങിയ വിഭാഗങ്ങളുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കി വരുന്നു. കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ജനങ്ങളും പോലീസും തമ്മിൽ നല്ല ബന്ധം സൃഷ്ടിക്കാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താനും ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ നല്ലൊരു പരിധി വരെ സാധിച്ചിട്ടുണ്ട്. ജനമൈത്രി പോലീസ് നേതൃത്വം നൽകി സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ്സുകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ മുതലായവ ജനങ്ങളിൽ അങ്ങേയറ്റം സ്വാധീനം ഉളവാക്കിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ, സാന്ത്വന പരിചരണം, കള്ളവാറ്റ്, മയക്കുമരുന്ന് ദുരുപയോഗം തുടങ്ങിയവ തടയൽ, മൈഗ്രന്റ് ലേബർമാരുടെ പ്രശ്നങ്ങളിലുള്ള സജീവമായ ഇടപെടൽ തുടങ്ങി അനേകം രംഗങ്ങളിൽ ജനമൈത്രി പോലീസ് വിജയം കൈവരിച്ചിട്ടുണ്ട്. |

(മറുപുറം)

(സി) ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

: (സി) & (ഡി)

നിലവിൽ നാലുഘട്ടങ്ങളിലായി 248 പോലീസ് സ്റ്റേഷനുകളിലാണ് ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ ആദിവാസി സമൂഹത്തിന്റെ സുരക്ഷയ്ക്കും ഉന്നമനത്തിനുമായി 50 ട്രൈബൽ ഏരിയ പോലീസ് സ്റ്റേഷനുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യ മൂന്ന് ഘട്ടങ്ങളിലെ 148 ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും ഓരോ വനിതാ സിവിൽ പോലീസ് ഓഫീസർ ഉൾപ്പെടെ 5 സിവിൽ പോലീസ് ഓഫീസർമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം 740 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ പദ്ധതി വ്യാപിപ്പിച്ച 100 പോലീസ് സ്റ്റേഷനുകളിൽ കൂടി 4 സിവിൽ പോലീസ് ഓഫീസർ, 1 വനിതാ സിവിൽ പോലീസ് ഓഫീസർ വീതം ആകെ 500 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ